പർഡ്യൂ യൂണിവേഴ്സിറ്റിയിലേയും അമേരിക്കയിലെ ഗ്ലാസ്സ്ബൊറോയിലുള്ള റൊവൻ യൂണിവേഴ്സിറ്റിയിലേയും അദ്ധ്യാപകരെ ഉൾപ്പെടുത്തി ഒരു ശിൽപ്പശാല സംഘടിപ്പിക്കുന്നുണ്ട്. "റിസർച്ച് ആന്റ് ഡെവലപ്പ്മെന്റി" നായി സ്റ്റീവാൻസ് ഇൻസ്റ്റിറ്റ്യൂട്ടുമായി സഹകരിച്ച് പ്രവർത്തിക്കുന്നതിനുള്ള സാദ്ധ്യത പരിശോധിക്കുന്നതിനായി 2015 ഒക്ടോബർ മാസം യൂണിവേഴ്സിറ്റിയിലെ പ്രൊഫസർമാരുമായി ഒരു കോൺഫറൻസും വിഭാവനം ചെയ്തിട്ടുണ്ട്.

സ്വയംഭരണ കോളേജുകൾ

26 (*266) ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. എ. പ്രദീപ് കുമാർ :
പ്രൊഫ. സി. രവീന്ദ്രനാഥ് :
ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചില കോളേജുകൾക്ക് സ്വയംഭരണ പദവി നൽകുന്നതിനുള്ള സർക്കാർ തീരുമാനം ഉന്നത വിദ്യാഭ്യാസ മേഖലയെ പുറകോട്ടടിപ്പിക്കുമെന്ന ആക്ഷേപങ്ങൾ സർക്കാർ പരിഗണിച്ചിട്ടുണ്ടോ ;

(ബി) ഏതെല്ലാം കോളേജുകൾക്കാണ് ഇതിനകം സ്വയംഭരണ പദവി നൽകിയിട്ടുള്ളത് ; ഇവയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ; വിശദമാക്കാമോ ;

(സി) കൂടുതൽ കോളേജുകൾക്ക് സ്വയംഭരണ പദവി നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) സ്വയംഭരണ കോളേജുകൾ അനുവദിക്കുന്നതിനെതിരെ ഉയർന്നുവന്നിട്ടുള്ള ശക്തമായ പ്രതിഷേധം പരിഗണിച്ചിട്ടുണ്ടോ ; ഇതിന്റെ ഭാഗമായി ഏതെങ്കിലും കോളേജുകളുടെ കാര്യത്തിൽ പുനർവിചിന്തനം നടത്തിയിട്ടുണ്ടോ ;

(ഇ) ഉന്നത വിദ്യാഭ്യാസ മേഖലയിൽ മൂല്യത്തകർച്ചയും നിലവിലുള്ള പരിമിതമായ ജനാധിപത്യവകാശങ്ങൾപോലും കവർന്നെടുക്കുന്നതിനും വിദ്യാഭ്യാസരംഗം വാണിജ്യവൽക്കരിക്കുന്നതിനും കോളേജുകളുടെ സ്വയംഭരണവൽക്കരണം വഴിവെയ്ക്കുമെന്ന കാര്യം പരിശോധിക്കുമോ ; ഇതിന്റ പശ്ചാത്തലത്തിൽ തീരുമാനം പുനഃപരിശോധിക്കുവാൻ തയ്യാറാകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി.കെ. അബ്ദുറബ്ബ്):

(എ) സംസ്ഥാനത്തെ ഉന്നത നിലവാരം പുലർത്തുന്ന കോളേജുകൾക്ക് സ്വയംഭരണാവകാശം നൽകുന്നത് സംബന്ധിച്ച് പഠനം നടത്തുന്നതിനായി സംസ്ഥാന ഉന്നതവിദ്യാഭ്യാസ കൗൺസിൽ നിയോഗിച്ച പ്രൊഫ. എൻ.ആർ. മാധവമേനോൻ അദ്ധ്യക്ഷനായ സമിതി ഇതു സംബന്ധിച്ച് എല്ലാവിധ അഭിപ്രായങ്ങളും പരിഗണിച്ചാണ് റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളത്.

(ബി) ചുവടെ ചേർത്തിട്ടുള്ള 11 കോളേജുകൾക്കാണ് യു.ജി.സി. സ്വയംഭരണപദവി അനുവദിച്ചിട്ടുള്ളത്:

1. മാർ ഇവാനിയോസ് കോളേജ്, തിരുവനന്തപുരം
2. ഫാത്തിമ മാതാ നാഷണൽ കോളേജ്, കൊല്ലം.
3. സെന്റ് ബെർക്ക്മാൻസ് കോളേജ്, ചങ്ങനാശ്ശേരി
4. മഹാരാജാസ് കോളേജ്, എറണാകുളം
5. സെന്റ് തെരേസാസ് കോളേജ്, എറണാകുളം
6. സേക്രട്ട് ഹാർട്ട് കോളേജ്, തേവര, എറണാകുളം
7. രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ്, എറണാകുളം
8. സെന്റ് തോമസ് കോളേജ്, തൃശ്ശൂർ.
9. എം.ഇ.എസ്. കോളേജ്, മമ്പാട്, മലപ്പുറം
10. ഫാറൂക്ക് കോളേജ്, കോഴിക്കോട്
11. സെന്റ് ജോസഫ്സ് കോളേജ്, ദേവഗിരി, കോഴിക്കോട്

സ്വയംഭരണാവകാശം ലഭിച്ച കോളേജുകളുടെ പ്രവർത്തനം വിലയിരുത്താനും പരാതികൾ വന്നാൽ അതിന്റെ അടിസ്ഥാനത്തിൽ പരിശോധന നടത്തി നടപടികൾ ശിപാർശ ചെയ്യാനും വിദ്യാഭ്യാസ വകുപ്പുമന്ത്രി ചെയർമാനായുള്ള സ്വയംഭരണ അംഗീകാര സമിതിക്ക് അധികാരമുണ്ട്. സർവ്വകലാശാല നിയമങ്ങൾ (മൂന്നാം ഭേദഗതി) ആക്ട്, 2014 പ്രകാരം ഇക്കാര്യം ഉറപ്പാക്കിയിട്ടുമുണ്ട്. സ്വയംഭരണ അംഗീകാര സമിതി ഇത്തരമൊരു വിലയിരുത്തൽ നടത്തിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഉണ്ട്.

(ഡി&ഇ) കോളേജുകൾക്ക് സ്വയംഭരണപദവി അനുവദിക്കുന്നതിനെതിരെ ചില അദ്ധ്യാപക സംഘടനകളും വിദ്യാർത്ഥി സംഘടനകളും പ്രതിഷേധം ഉയർത്തിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സ്വയംഭരണാവകാശം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് കേളേജുകളുടെ അക്കാദമിക് സ്വയംഭരണാവകാശം മാത്രമാണ്. നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരം മികച്ച നിലവാരമുള്ള കോളേജുകൾക്ക് അക്കാദമിക് സ്വയംഭരണാവകാശം അനുവദിച്ച് പ്രവർത്തന സ്വാതന്ത്ര്യം നൽകുവാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. സ്വയംഭരണ കോളേജുകളെ സംബന്ധിച്ച് ഒരു പുതിയ അദ്ധ്യായം കേരള, എം.ജി., കാലിക്കറ്റ്, കണ്ണൂർ എന്നീ സർവ്വകലാശാലകളുടെ ആക്ടിൽ സർവ്വകലാശാല നിയമങ്ങൾ (മൂന്നാം ഭേദഗതി) ആക്ട്, 2014 പ്രകാരം ഉൾപ്പെടുത്തിയിട്ടുള്ളതിനാൽ പ്രസ്തുത കോളേജുകളുടെ പ്രവർത്തനം വിലയിരുത്താനും പരാതികൾ വന്നാൽ അതിന്റെ അടിസ്ഥാനത്തിൽ പരിശോധന നടത്തി നടപടികൾ ശിപാർശ ചെയ്യാനും വിദ്യാഭ്യാസ വകുപ്പുമന്ത്രി ചെയർമാനായുള്ള സ്വയംഭരണ അംഗീകാരസമിതിക്ക് അധികാരമുണ്ട്. അതിനാൽ ഇത്തരം ആശങ്കളുടെ അടിസ്ഥാനത്തിൽ സ്വയംഭരണപദവി നൽകാനുള്ള തീരുമാനം പുനഃപരിശോധിക്കേണ്ടതായി കാണുന്നില്ല.

വി.എച്ച്.എസ്.ഇ. പാഠ്യപദ്ധതി പരിഷ്കരണം

27 (*267) ശ്രീ. പി. കെ. ബഷീർ :
ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. എം. ഉമ്മർ :
ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വി. എച്ച്. എസ്. ഇ. പാഠ്യപദ്ധതി പരിഷ്കരണവുമായി ബന്ധപ്പെട്ട വിദഗ്ദ സമിതി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത ശിപാർശകൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ;

(സി) പാഠ്യപദ്ധതിയിൽ പ്രായോഗിക പരിശീലനത്തിന് കൂടുതൽ പ്രാധാന്യം നൽകുന്ന കാര്യം പരിഗണിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly